പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2981 20/12/2012 ൽ മറുപടിയ്ക്ക്

## ഇ-ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. റ്റി. യു. കുരുവിള | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ കമ്പ്യൂട്ടർവത്ക്കരിക്കുന്ന നടപടി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ കമ്പ്യൂട്ടർവത്കരണം പ്രധാനമായും രണ്ട് പദ്ധതികൾ മുഖേന നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി. പദ്ധതി പ്രകാരം വില്ലേജുകളിലെ ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടർവത്കരണവും, ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം, വില്ലേജുകളിൽ നിന്നും നൽകി വരുന്ന സർട്ടിഫിക്കറ്റുകളുടെ വിതരണവുമാണ് ഇപ്പോൾ നടന്നു വരുന്നത്. കേരളത്തിലെ 9 ജില്ലകളിലെ റീസർവ്വേ പൂർത്തിയായ 573 വില്ലേജുകളിലാണ് ലാന്റ് റിക്കാർഡുകളുടെ കമ്പ്യൂട്ടറൈസേഷൻ നടന്നു വരുന്നത്. ഇ- ഡിസ്ട്രിക്റ്റ് പദ്ധതി കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിൽ നടന്നു വരുന്നു. ഈ പദ്ധതി സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കുന്നതിലൂടെ എല്ലാ വില്ലേജ് ഓഫീസുകളുടെയും കമ്പ്യൂട്ടർവത്കരണം നടപ്പിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകൾ അടിയന്തിരമായി കമ്പ്യൂട്ടർ വത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി, ഇ-ഡിസ്ട്രിക്റ്റ് എന്നീ പദ്ധതികൾ പ്രകാരം റവന്യൂ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കുകയും, |

ഇന്റർനെറ്റ് കണക്ഷൻ വഴി വിവിധ ഓഫീസുകളെ (താലൂക്ക്, വില്ലേജ്, സബ് രജിസ്ട്രാർ, ആർ.ഡി.ഒ, കളക്ടറേറ്റ്) പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ ഐ. റ്റി. മിഷൻ, റവന്യൂ ഐ.റ്റി. സെല്ലുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ